2026
SEPTEMBER
29
TUESDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper



# ഓഹരിവിപണിയിൽ വൻ തകർച്ച; നിഫ്റ്റി 22,800ന് താഴെ

**മുംബൈ:** ഓഹരി വിപണിയിൽ തകർച്ച തുടരുന്നു. സെൻസെക്സ് 1124 പോയന്റും നിഫ്റ്റി 360 പോയന്റുമാണ് തിങ്കളാഴ്ച ഇടിഞ്ഞത്. സമീപ കാലത്തെ ഏറ്റവും വലിയ തകർച്ചയ്ക്കാണ് ഇന്നലെ വിപണി സാക്ഷ്യം വഹിച്ചത്. ഒന്നര ശതതമാനത്തിലേറെ തകർച്ച നേരിട്ടതോടെ ആറ് മാസത്തെ ഏറ്റവും താഴ്ന്ന നിലയിലേക്ക് വിപണി വീണു.

തുടർച്ചയായ ഏഴാമത്തെ ആഴ്ചയിലും സെൻസെക്സും നിഫ്റ്റിയും ഇടിവ് തുടരുകയാണ്. വിദേശ നിക്ഷേപകരുടെ കൂട്ടവിറ്റഴിക്കലും തിരിച്ചടിക്ക് കാരണമായി. മിഡ്കാപ്പിലും സ്മോൾ ക്യാപ്പിലും ഇതേ നിലയിൽ തകർച്ച നേരിട്ടു. അസംസ്കൃത എണ്ണവില കൂടുന്നതും ഹോർമുസ് തുറക്കാമെന്നുള്ള ഇറാന്റെ നിർദേശം ട്രംപ് തള്ളിയതും വിപണിയെ പ്രതികൂലമായി ബാധിച്ചു.

രൂപയുടെ മൂല്യത്തിലും 20 പൈസ കുറഞ്ഞ് 95.89ലേക്ക് വീണു. രാവിലെ വ്യാപാരം ആരംഭിച്ച് ഒറ്റ മണിക്കൂറിനുള്ളിൽത്തന്നെ ഓഹരിവിലയിടിവ് മൂലം നിക്ഷേകർക്ക് അഞ്ച് ലക്ഷം കോടിയോളം രൂപയുടെ നഷ്ടമാണ് ഉണ്ടായത്.

ബാങ്കിങ് ധനകാര്യ കമ്പനികളുടെ ഓഹരികളിലാണ് ഏറ്റവും കൂടുതൽ നഷ്ടം നേരിട്ടത്. മണപ്പുറം ഫിനാൻസ് ആറ് ശതമാനത്തിലേറെ ഇടിഞ്ഞു.

യെസ് ബാങ്കിലും ബാങ്ക് ഓഫ് ഇന്ത്യയിലും അഞ്ച് ശതമാനത്തിലേറെ വിലതകർച്ചയുണ്ടായി. മാൻ ഇൻഡസ്ട്രീസ്, ആന്ധ്ര സിമന്റ് എന്നിവയ്ക്കും കനത്ത നഷ്ടം നേരിട്ടു.



# എട്ടു മാസത്തിനിടെ പവന് 21,840 രൂപയുടെ ഇടിവ്

**കൊച്ചി:** 2026 ജനുവരി 29ന് അന്താരാഷ്ട്ര വിപണിയിൽ സ്വർണ വില ട്രോയ് ഔൺസിന് 5,594.82 ഡോളർ വരെ ഉയർന്നിരുന്നു. ഇപ്പോൾ വില ട്രോയ് ഔൺസിന് 4,175 ഡോളറിലേക്കു താഴ്ന്നതോടെ റിക്കാർഡ് ഉയരത്തിൽനിന്ന് ഏകദേശം 1,420 ഡോളർ ആണ് കുറഞ്ഞത്. അതായത്, അന്താരാഷ്ട്ര സ്വർണവിലയിൽ 25 ശതമാനത്തിലേറെ ഇടിവ് രേഖപ്പെടുത്തി. ഇതിൻറെ പ്രതിഫലനം കേരളവിപണിയിലും വ്യക്തമാണ്. ജനുവരി 29ന് കേരളത്തിൽ 22 കാരറ്റ് സ്വർണം പവന് 1,31,160 രൂപ എന്ന റിക്കാർഡ് വിലയാണു രേഖപ്പെടുത്തിയത്. എന്നാൽ ഇന്നലെ പവന് 1,09,320 രൂപയായി താഴ്ന്നതോടെ റിക്കാർഡ് നിരക്കിൽനിന്ന് 21,840 രൂപയുടെ കുറവുണ്ടായി.

സംസ്ഥാനത്ത് ഇന്നലെ രണ്ടുതവണയായി പവന് 2,640 രൂപയാണ് കുറഞ്ഞത്. രാവിലെ ഗ്രാമിന് 235 രൂപ കുറഞ്ഞ് 13,765 രൂപയിലും പവന് 1,840 രൂപ കുറഞ്ഞ് 1,10,120 രൂപയിലുമായിരുന്നു വ്യാപാരം ആരംഭിച്ചത്. എന്നാൽ ഉച്ചയ്ക്കു ശേഷം വീണ്ടും ഇടിവ് രേഖപ്പെടുത്തി. ഗ്രാമിന് 100 രൂപ കുറഞ്ഞ് 13,665 രൂപയും പവന് 800 രൂപ കുറഞ്ഞ് 1,09,320 രൂപയുമായി.

പശ്ചിമേഷ്യൻ സംഘർഷത്തിനു പുറമെ അമേരിക്കൻ ഡോളറിൻറെ ശക്തി, യുഎസ് ബോണ്ട് യീൽഡുകളിലെ മാറ്റം, നിക്ഷേപകരുടെ ലാഭമെടുപ്പ്, ഓഹരിവിപണികളിലേക്കുള്ള പണത്തിന്റെ നീക്കം എന്നിവയും സ്വർണവിലയിലെ ഇപ്പോഴത്തെ ഇടിവിന് കാരണമാകുന്ന ഘടകങ്ങളാണ്. എന്നാൽ, ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ, കേന്ദ്രബാങ്കുകളുടെ സ്വർണം വാങ്ങൽ, ആഗോള സാമ്പത്തിക അനിശ്ചിതത്വം തുടങ്ങിയ ഘടകങ്ങൾ ഇപ്പോഴും സ്വർണത്തിന് അടിസ്ഥാന പിന്തുണ നൽകുന്നുണ്ട്. അതിനാൽ നിലവിലെ ഇടിവിനെ ദീർഘകാല സ്വർണവിലയുടെ ദിശയിലെ അന്തിമ മാറ്റമായി കാണാനാകില്ലെന്നും വിപണിയിലെ ചാഞ്ചാട്ടം തുടരുമെന്നും കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചൻറ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. എസ്. അബ്ദുൾ നാസർ പറഞ്ഞു.

## മിഥുൻ കെ. ചിറ്റിലപ്പിള്ളി വിഗാർഡ് ചെയർപേഴ്സണും മാനേജിങ് ഡയറക്ടറും

**കൊച്ചി:** വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ചെയർപേഴ്സണും മാനേജിങ് ഡയറക്ടറുമായി മിഥുൻ കെ. ചിറ്റിലപ്പിള്ളിയെ നിയമിച്ചു. സെപ്റ്റംബർ 27 മുതൽ നിയമനം പ്രാബല്യത്തിൽ വരും. 2012 മുതൽ മാനേജിങ് ഡയറക്ടറായി പ്രവർത്തിച്ചുവരികയായിരുന്നു മിഥുൻ. നിലവിലെ ചെയർപേഴ്സണും സ്വതന്ത്ര ഡയറക്ടറുമായ രാധ ഉണ്ണിയുടെ കാലാവധി പൂർത്തിയായതോടെയാണ് മിഥുൻ കെ ചിറ്റിലപ്പിള്ളിയെ തിരഞ്ഞെടുത്തത്.




# ടാറ്റ സൺസിനെ ലിസ്റ്റ് ചെയ്യുന്നത് ഒഴിവാക്കൽ; പുനഃസംഘടനാ പദ്ധതി നിർദേശിച്ച് ടാറ്റ ട്രസ്റ്റുകൾ

**മുംബൈ:** ടാറ്റ ഗ്രൂപ്പിന്റെ ഹോൾഡിംഗ് കന്പനിയായ ടാറ്റാ സൺസ് പ്രൈവറ്റ് ലിമിറ്റഡുമായി ടാറ്റ ഇലക്ട്രോണിക്സ് സിസ്റ്റംസ് സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, ടാറ്റാ കൺസൾട്ടിംഗ് എൻജിനിയേഴ്സ് എന്നിവ ലയിപ്പിക്കാൻ ടാറ്റാ ട്രസ്റ്റുകൾ നിർദേശിച്ചു.

കമ്പനിയുടെ നിലവിലെ നിയന്ത്രണപരമായ വർഗീകരണത്തിൽ മാറ്റം വരുത്താൻ ലക്ഷ്യമിട്ടാണ് ഈ നീക്കം. ടാറ്റ സൺസിനെ ലിസ്റ്റ് ചെയ്യാത്ത പദവി നിലനിർത്താൻകൂടി ലക്ഷ്യമിട്ടാണ് ഈ നിർദേശമെന്ന് ട്രസ്റ്റുകൾ വ്യക്തമാക്കി.

ടാറ്റ സൺസിൽ 66 ശതമാനം ഓഹരി പങ്കാളിത്തമുള്ള ടാറ്റാ ട്രസ്റ്റുകൾ വ്യക്തമാക്കുന്നത്, ഈ പുനഃസംഘടന നടപ്പിലാകുന്നതോടെ ടാറ്റാ സൺസിനെ ഒരു നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കന്പനിയായോ അല്ലെങ്കിൽ കോർ ഇൻവെസ്റ്റ്മെൻറ് കമ്പനിയായോ തരംതിരിക്കുന്നത് അവസാനിപ്പിക്കാൻ സാധിക്കുമെന്നാണ്.

ടാറ്റ ഗ്രൂപ്പിന്റെ ഹോൾഡിംഗ് കന്പനിയായി തുടരുമ്പോൾതന്നെ സ്വന്തമായി പ്രവർത്തനങ്ങളും വരുമാനവുമുള്ള പഴയ പ്രവർത്തനരീതിയിലേക്ക് ടാറ്റാ സൺസിനെ തിരിച്ചുകൊണ്ടുവരാനും ഈ നിർദേശം വഴി സാധിക്കും.മൊത്തം വരുമാനത്തിൻറെ 64.3% പ്രവർത്തനവരുമാനമായി മാറ്റും ഉദ്ദേശിക്കുന്ന ലയനം പൂർത്തിയാകുന്നതോടെ, 2026 മാർച്ച് 31 ലെ കണക്കനുസരിച്ച് സംയോജിത സ്ഥാപനത്തിന്റെ പ്രവർത്തന വരുമാനം 1,05,043 കോടി രൂപയായി ലഭിക്കും. സാമ്പത്തിക ആസ്തികളിൽനിന്നുള്ള വരുമാനമായ 40,072 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോഴാണിത്. അതിനാൽ പ്രവർത്തന വരുമാനം മൊത്തം വരുമാനത്തിന്റെ 64.3 ശതമാനം വരുമെന്ന് ട്രസ്റ്റുകൾ വ്യക്തമാക്കി.

ഇതോടെ, ഒരു നോൺബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനിയായി തരംതിരിക്കുന്നതിനുള്ള പ്രധാന ബിസിനസ് മാനദണ്ഡങ്ങളിൽ കന്പനി ഉൾപ്പെടില്ലെന്ന് ടാറ്റാ ട്രസ്റ്റുകൾ വ്യക്തമാക്കി.

ലയനത്തിലൂടെ രൂപീകൃതമാകുന്ന പുതിയ സ്ഥാപനത്തിന് ഗ്രൂപ്പ് കന്പനികളിൽ നിക്ഷേപിച്ച 1,77,120 കോടി രൂപ ഉൾപ്പടെ 2,00,158 കോടി രൂപയുടെ അറ്റ ആസ്തി ഉണ്ടാകും. ഇതോടെ ഗ്രൂപ്പ് കന്പനികളിലെ നിക്ഷേപം മൊത്തം അറ്റ ആസ്തിയുടെ 90 ശതമാനത്തിൽ താഴെയായി കുറയും. അതിനാൽ ഒരു കോർ ഇൻവെസ്റ്റ്മെൻറ് കന്പനിക്ക് ബാധകമായ നിബന്ധനകളും ഇതിനു ബാധകമാവില്ല.

ഈ സംയോജനം റിസർവ് ബാങ്കിന്റെ 'നോൺബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനീസ് വോളന്ററി അമൽഗമേഷൻ ഡയറക്ഷൻസ് 2025' അനുസരിച്ചായിരിക്കണം നടപ്പിലാക്കേണ്ടത്. ഇതിനായി റിസർവ് ബാങ്കിൽനിന്ന് മുൻകൂട്ടി 'നോഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്' ലഭ്യമാക്കേണ്ടതുണ്ട്.

പുനഃസംഘടനയ്ക്കു ശേഷം ടാറ്റ സൺസ് ഒരു കോർ ഇൻവെസ്റ്റ്മെൻറ് കമ്പനി അല്ലാതായി മാറുന്നതോടെ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തിരിച്ചേൽപ്പിക്കേണ്ടിവരുമെന്നും ടാറ്റ ട്രസ്റ്റുകൾ വ്യക്തമാക്കി.

ടാറ്റ ഗ്രൂപ്പിന്റെ 100 വർഷത്തിലേറെ പഴക്കമുള്ള സംഘടനാ ഘടന നിലനിർത്തുന്നതോടൊപ്പം നിയന്ത്രണ വ്യവസ്ഥകൾക്ക് അനുസൃതമായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിർദിഷ്ട ഘടന രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ടാറ്റ ട്രസ്റ്റ്സ് അറിയിച്ചു.

# അമൃത ആശുപത്രിയിലെ ഹൃദ്രോഗ വിദഗ്ധരുടെ സേവനം ഇനി വൈറ്റിലയിലും

**കൊച്ചി:** ഹൃദ്രോഗ വിദഗ്ധരുടെ സേവനം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി കൊച്ചി അമൃത ആശുപത്രിയുടെ പുതിയ കാർഡിയോളജി ഔട്ട്പേഷ്യന്റ് കേന്ദ്രമായ അമൃത അഡ്വാൻസ്ഡ് കാർഡിയാക് സെന്റർ വൈറ്റിലയിൽ സെപ്റ്റംബർ 29 മുതൽ പ്രവർത്തനം ആരംഭിക്കും. ലോക ഹൃദയ ദിനത്തോടനുബന്ധിച്ചു അമൃത ആശുപത്രിയിൽ നടക്കുന്ന പരിപാടിയിൽ എറണാകുളം ജില്ലാ കളക്ടർ ജി. പ്രിയങ്ക ഐ എ എസ്. സെന്ററിന്റെ ഔദ്യോഗിക ഉത്ഘാടനം നിർവഹിക്കും. രോഗികൾക്കുള്ള ഔട്പേഷ്യന്റ് സേവനങ്ങൾ ഒക്ടോബർ 5 മുതൽ സെന്ററിൽ ലഭ്യമാകും.

അമൃത ആശുപത്രിയിലെ അഡൾട്ട് കാർഡിയോളജി വിഭാഗത്തിലെ സീനിയർ ഡോക്ടർമാരുടെ സേവനം വൈറ്റിലയിലെ അഡ്വാൻസ്ഡ് കാർഡിയാക് സെന്ററിൽ ലഭ്യമാകും. ഹൃദ്രോഗവുമായി ബന്ധപ്പെട്ട വിദഗ്ധ പരിശോധനയും തുടർചികിത്സയും നഗരത്തിൽ കൂടുതൽ സൗകര്യപ്രദമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പുതിയ അഡ്വാൻസ്ഡ് സെന്റർ ആരംഭിക്കുന്നത്.

തിങ്കൾ മുതൽ ശനി വരെ രാവിലെ 11 മുതൽ വൈകിട്ട് 6 വരെയാണ് ഒ.പി. സമയം. ഹൃദയസംബന്ധമായ അസുഖങ്ങളുടെ പരിശോധനയ്ക്കും തുടർചികിത്സയ്ക്കുമായി വിദഗ്ധ ഡോക്ടർമാരുടെ കൺസൾട്ടേഷൻ ഇവിടെ ലഭിക്കും.
കാർഡിയോളജി കൺസൾട്ടേഷനൊപ്പം ഇ.സി.ജി., എക്കോ, ടി.എം.ടി. ഉൾപ്പെടെയുള്ള പ്രധാന ഹൃദയ പരിശോധനകളും സെന്ററിൽ ലഭ്യമാകും. ഹൃദയസംബന്ധമായ ആരോഗ്യപ്രശ്നങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും ആവശ്യമായ തുടർചികിത്സ സംബന്ധിച്ച് വിദഗ്ധ നിർദേശം ലഭ്യമാക്കുന്നതിനും ഇത് സഹായകമാകും.

അമൃത ആശുപത്രിയിലെ ഹൃദ്രോഗ ചികിത്സാ രംഗത്തെ പരിചയസമ്പന്നരായ വിദഗ്ധരുടെ സേവനമാണ് പുതിയ കേന്ദ്രത്തിന്റെ പ്രധാന പ്രത്യേകത. അമൃത ആശുപത്രിയിലെ അഡൾട്ട് കാർഡിയാക് ടീമിന് ഇതുവരെ 25,000 കൊറോണറി ആൻജിയോപ്ലാസ്റ്റി, 4,000 ഇലക്ട്രോഫിസിയോളജി പ്രൊസീജറുകൾ, 4,000 ഉപകരണ ഇംപ്ലാന്റേഷനുകൾ, ഏകദേശം 100 ട്രാൻസ്ഓർടിക് വാൽവ് ഇംപ്ലാന്റേഷനുകൾ എന്നിവ നടത്തിയ പരിചയസമ്പത്തുണ്ട്. ഇത് കാർഡിയോളജി ഡിപ്പാർട്മെന്റിന്റെ ഒരു അഭിമാന റെക്കോർഡ് നേട്ടമാണ്.

ഇന്ത്യയിലെ ആദ്യ അഡൾട്ട് കൺജെനിറ്റൽ ഹാർട്ട് ഡിസീസ് ക്ലിനിക്, ആദ്യ അമിലോയിഡോസിസ് സെന്റർ, ആദ്യ ഹൈപ്പർട്രോഫിക് കാർഡിയോമയോപതി സെന്റർ കേരളത്തിലെ ആദ്യ കരോട്ടിഡ് അപ്രോച്ച് ട്രാൻസ് കാതീറ്റർ അയോർട്ടിക് വാൽവ് ഇമ്പ്ലാന്റേഷൻസ് (ടി.എ.വി.ഐ.) ആദ്യത്തെ വനിതാ കാർഡിയാക് സെന്റർ, ആദ്യ ഇമ്പേല്ല അസ്സിസ്റ്റഡ് കോംപ്ലക്സ് പി.സി.ഐ. തുടങ്ങിയ പ്രത്യേക ചികിത്സാ സംരംഭങ്ങൾക്ക് നേതൃത്വം നൽകിയ കാർഡിയോളജി സംഘത്തിന്റെ സേവനമാണ് വൈറ്റിലയിലും ലഭ്യമാകുന്നത്.

പ്രതിവർഷം 10,000ലേറെ പുതിയ രോഗികൾക്ക് ചികിത്സ നൽകുന്ന അമൃത ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിന്റെ സേവനങ്ങൾ നഗരത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള രോഗികൾക്ക് കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് വൈറ്റിലയിൽ പുതിയ കാർഡിയാക് സെന്റർ ആരംഭിക്കുന്നത്. 24 മണിക്കൂർ എമർജൻസി സേവനവും മൊബൈൽ ഐ.സി.യു. സംവിധാനവും, അത്യാധുനിക കാർഡിയക് ഇമേജിങ് ആൻഡ് ലബോറട്ടോറി സംവിധാനവും ഉൾപ്പെടുന്ന അമൃതയുടെ സമഗ്ര ഹൃദയപരിചരണ സംവിധാനവുമായി ആവശ്യാനുസരണം രോഗികളെ ബന്ധിപ്പിക്കാനും പുതിയ സെന്റർ സഹായകമാകും.

വൈറ്റില പാലാരിവട്ടം എൻ.എച്ച്. ബൈപാസ് സർവീസ് റോഡിൽ ഗോൾഡ് സൂക്കിന് സമീപമുള്ള അമൃത ഫെർട്ടിലിറ്റി സെന്റർ ബിൽഡിങ്ങിൽ ആയിരിക്കും സെന്റർ പ്രവർത്തിക്കുന്നത്.

ഒക്ടോബർ 5 മുതൽ ലഭ്യമാകുന്ന ഒ.പി. അപ്പോയിന്റ്മെന്റിനും കൂടുതൽ വിവരങ്ങൾക്കും 7994999208 എന്ന നമ്പറിൽ ബന്ധപ്പെടാം.




## സ്കൂൾ വിദ്യാർഥികൾക്കായി ശുചിത്വ ബോധവത്കരണ പരിപാടി

**കൊച്ചി:** സ്വച്ഛതാ ഹി സേവാ കാമ്പയിന്റെ ഭാഗമായി ഐ.സി.എ.ആർസെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഫ്റ്റ്), പഴങ്ങാട് സെന്റ് ജോർജ് എൽ.പി. സ്കൂളിൽ ശുചിത്വം, വ്യക്തിശുചിത്വം, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ ദോഷങ്ങൾ എന്നിവയെക്കുറിച്ച് ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു.

ശുചിത്വം പാലിക്കുന്നതിന്റെയും മാലിന്യം ശരിയായി തരംതിരിക്കുന്നതിന്റെയും വ്യക്തിശുചിത്വം പാലിക്കുന്നതിന്റെയും പ്രാധാന്യം കുട്ടികൾക്ക് പരിചയപ്പെടുത്തി. ഇതിന്റെ ഭാഗമായി വിദ്യാർഥികൾക്കായി വിവിധ കളികളും പരിപാടികളും സംഘടിപ്പിച്ചു.

ജൈവമാലിന്യം, അജൈവമാലിന്യം, മെഡിക്കൽ/രാസമാലിന്യം എന്നിവ യഥാക്രമം പച്ച, നീല, മഞ്ഞ നിറത്തിലുള്ള ബിന്നുകളിൽ നിക്ഷേപിക്കുന്ന രീതിയും വിദ്യാർഥികൾക്ക് പരിചയപ്പെടുത്തി.

തുടർന്ന് പരിസ്ഥിതിയോട് ഉത്തരവാദിത്തത്തോടെ പെരുമാറുമെന്നും

മാലിന്യം വലിച്ചെറിയില്ലെന്നും വിദ്യാർഥികൾ പ്രതിജ്ഞയെടുത്തു. പരിപാടിയിൽ 65ഓളം വിദ്യാർഥികൾ പങ്കെടുത്തു.

ഐ.സി.എ.ആർസിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റും സ്വച്ഛ് ഭാരത് നോഡൽ ഓഫീസറുമായ ഡോ. ഗീതാലക്ഷ്മി വി. പരിപാടിക്ക് നേതൃത്വം നൽകി. സിഫ്റ്റിലെ ഡോ. മാർട്ടിൻ സേവ്യർ, സീനിയർ സയന്റിസ്റ്റ്; ഡോ. സന്തോഷ് അലക്സ്, കോർഡിനേറ്റർ സ്വച്ഛ് ഭാരത്; ശരൺ രാജ് പി ആർ, ടെക്നീഷ്യൻ എന്നിവർ പരിപാടിക്ക് പിന്തുണ നൽകി.

# എം.ജി.യു. എല്ലാ കാലത്തും കർഷകരുടെ പ്രശ്നങ്ങൾ പരിഗണിച്ച സർവകലാശാല: മന്ത്രി മോൻസ് ജോസഫ്



**കോട്ടയം:** കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ആദ്യകാലം മുതൽക്കേ നടപടികളെടുത്തിരുന്ന സർവകലാശാലയാണ് മഹാത്മാഗാന്ധി സർവകലാശാലയെന്ന് ജലവിഭവഭവന വകുപ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ്. കർഷകരുമായും കർഷക ഉൽപ്പാദക സംഘടനകളുമായുമുള്ള സംവാദ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. മുൻ വൈസ് ചാൻസലർ ഡോ. യു. ആ!ർ. അനന്തമൂർത്തി കാർഷികമേളക്ക് വലിയ പിന്തുണ നൽകിയിരുന്നു. ആ പാരമ്പര്യത്തിന്റെ തുടർച്ചയാണ് ഇന്നത്തെ ഈ സംവാദം. ഈ പരിപാടിയുടെ ആദ്യകാല ചർച്ചകളിൽ ഞാനും പങ്കെടുത്തിട്ടുണ്ട്, അദ്ദേഹം കൂട്ടിച്ചേർത്തു.

ക്യാമ്പസിൽ നടന്ന കാർഷിക ഉത്പന്നങ്ങളുടെ പ്രദർശനവിപണന മേളയും അദ്ദേഹം ഉദ്ഘാടനം ചെയ്തു. പ്രാദേശിക കൃഷി ഉത്പന്നങ്ങൾ വിൽക്കുന്നതിന് ക്യാമ്പസിൽ സ്ഥിരമായ ഒരു സംവിധാനം തയ്യാറാക്കണമെന്ന് അദ്ദേഹം വൈസ് ചാൻസലറോട് ആവശ്യപ്പെട്ടു.

വൈജ്ഞാനികകാർഷിക മേഖലകളെ ബന്ധിപ്പിച്ച് സംസ്ഥാന സ!ർക്കാർ മുന്നോട്ടു വെക്കുന്ന പദ്ധതികൾ നടപ്പാക്കാൻ ആദ്യം മുന്നോട്ടു വരുന്നത് മഹാത്മാഗാന്ധി സ!ർവകലാശാലയാണെന്നും അതിന് സർ!വകലാശാല പ്രത്യേകം അഭിനന്ദനം അർഹിക്കുന്നുവെന്നും മന്ത്രി പറഞ്ഞു.

കാർഷിക ഉത്പന്നങ്ങൾ മാർക്കറ്റിലെത്തിക്കുന്നതിന് നിരവധി സ്ഥാപനങ്ങൾക്ക് മാർഗദർശിയായ പ്രൊഫ. കെ. ജെ. കുര്യനെ ചടങ്ങിൽ മന്ത്രി ആദരിച്ചു. മികച്ച കർഷക ഉൽപ്പാദക സംഘടനക്കുള്ള പുരസ്കാരം പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിക്കുവേണ്ടി ഫാ. ദീപു മന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി.

സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോബിൻ ജോസ്, ഡോ. അൽസൺ മാർട്ട്, ഡോ. രാജേഷ് കോമത്ത്, പ്രൊഫ. (ഡോ.) ഗിരീഷ് കുമാർ ജി.എസ്., ഡോ. ഐസൺ വി. വഞ്ചിപ്പുരക്കൽ, ആൻ സെബാസ്റ്റ്യൻ, സർവകലാശാലയുടെ ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ ഡയറക്ടർ പ്രൊഫ. (ഡോ.) രാധാകൃഷ്ണൻ ഇ.കെ. എന്നിവർ പങ്കെടുത്തു.

കർഷകരുടെ പ്രായോഗിക പ്രശ്നങ്ങളും ആവശ്യങ്ങളും സർവകലാശാലയിലെ അക്കാദമികഗവേഷണ മേഖലകളുമായി ബന്ധിപ്പിക്കുകയാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം. കർഷകർ നേരിടുന്ന വെല്ലുവിളികൾ വിദ്യാർത്ഥികളുടെ പഠന പ്രോജക്ടുകളായി ഏറ്റെടുക്കും. സർവകലാശാലയിൽ വികസിപ്പിക്കുന്ന ആശയങ്ങളും സാങ്കേതികവിദ്യകളും കർഷകരുടെ ഉൽപ്പന്നങ്ങളാക്കി മാറ്റി വിപണിയിലെത്തിക്കാൻ സർവകലാശാല നേരിട്ട് പിന്തുണ നൽകും. സർവകലാശാലയുടെ ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ സംരംഭങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശം, സാങ്കേതികവിദ്യ, ഉൽപ്പന്ന വികസനം, സംരംഭകത്വ സഹായം എന്നിവ ഉറപ്പാക്കും. കൂടാതെ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ടെക്നോളജി ആൻഡ് ഇന്നൊവേഷൻ കർഷകരുടെ ആവശ്യാനുസൃതമുള്ള ഗവേഷണങ്ങൾക്ക് പിന്തുണയേകും.



# പുതിയ ഹോളിഡേ പാക്കേജുകൾ അവതരിപ്പിച്ച് ക്ലിയർ ട്രിപ്പ്

**കൊച്ചി:**ഫ്ളിപ്കാർട്ടിന്റെ ഉടമസ്ഥതയിലുള്ളതും ഇന്ത്യയിലെ പ്രമുഖ ഓൺലൈൻ ട്രാവൽ ടെക്നോളജി കമ്പനികളിൽ ഒന്നുമായ ക്ലിയർട്രിപ്പ് 'ഹോളിഡേ പാക്കേജുകൾ'അവതരിപ്പിച്ച് ക്ലിയർ ട്രിപ്പ്.വിമാനയാത്ര, ഹോട്ടൽ താമസം, വിനോദയാത്രാ പരിപാടികൾ, യാത്രാ സൗകര്യങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തി വിദഗ്ധർ തയാറാക്കിയ ഒരു യാത്രാ പദ്ധതിയായാണ് അവതരിപ്പിച്ചിരിക്കുന്നത്. യാത്രക്കാർക്ക് തങ്ങളുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് ഇതിൽ മാറ്റങ്ങൾ വരുത്താനും സാധിക്കും.




നിലവിലുള്ള ഭൂരിഭാഗം ഹോളിഡേ പാക്കേജുകളും ഒരു നിശ്ചിത പ്ലാൻ നൽകുകയും അതിനനുസരിച്ച് ക്രമീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുമ്പോൾ, ക്ലിയർട്രിപ്പിന്റെ പുതിയ സേവനം ഇതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. വിദഗ്ധർ തയാറാക്കിയ യാത്രാ പദ്ധതിയോടൊപ്പം ആരംഭിച്ച്, യാത്രക്കാരുടെ ആവശ്യാനുസരണം മാറ്റങ്ങൾ വരുത്തുവാൻ ഇതിലൂടെ സാധിക്കുന്നു. പാക്കേജിന്റെ അടിസ്ഥാ ഘടനയ്ക്ക് കോട്ടം തട്ടാതെ തന്നെ ഹോട്ടലുകൾ, വിനോദയാത്രാ പരിപാടികൾ, ഫ്ലൈറ്റുകൾ എന്നിവ മാറ്റിയെടുക്കാൻ ഇതിലൂടെ കഴിയുമെന്ന് കമ്പനി വ്യക്തമാക്കുന്നു.

ഈ പുതിയ സേവനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത, യാത്ര ബുക്ക് ചെയ്യുമ്പോൾ മാനുഷിക സഹായം കൂടി ലഭ്യമാക്കുന്നു എന്നതാണ്. യാത്ര ബുക്ക് ചെയ്യുമ്പോൾ വിദഗ്ധരുമായി സംസാരിച്ച് കൺസൾട്ടേഷൻ നേടാനും, ഡെസ്റ്റിനേഷനുകൾ തിരഞ്ഞെടുക്കുന്നതിലും വിവിധ ഘടക ഘടങ്ങൾ കൈകാര്യം ചെയ്യുന്നതിലും വിദഗ്ധ സഹായം തേടാനും യാത്രക്കാർക്ക് സാധിക്കും. കൂടാതെ, യാത്രയിലുടനീളം 24 മണിക്കൂറും ഉപഭോക്താക്കൾക്ക് പിന്തുണയും ലഭ്യമായിരിക്കും.

ഉപഭോക്താക്കൾക്കായി പ്രത്യേക ആനുകൂല്യങ്ങളും കമ്പനി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുട്ടികൾക്ക് സൗജന്യ വിമാനയാത്ര, ഒപ്പമുള്ള യാത്രികന് 50% ഇളവ് തുടങ്ങിയ പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാണ്. കൂടാതെ, ഒരേ യാത്രാ പദ്ധതിയുള്ള സമാനമായ പാക്കേജുകൾ കുറഞ്ഞ നിരക്കിൽ മറ്റെവിടെയെങ്കിലും ലഭ്യമാണെങ്കിൽ, ക്ലിയർട്രിപ്പ് അതിനേക്കാൾ മികച്ച നിരക്ക് വാഗ്ദാനം ചെയ്യുന്ന 'പ്രൈസ് ബീറ്റ് ഓഫർ' എന്ന പ്രത്യേക വാഗ്ദാനവും നൽകുന്നുണ്ട്.

'യാത്രക്കാരുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരുത്താനും, വിദഗ്ധരുടെ പിന്തുണയോടെ അവധിക്കാലം മികച്ച രീതിയിൽ ആസൂത്രണം ചെയ്യാനും സഹായിക്കുന്നതാണ് ക്ലിയർട്രിപ്പിന്റെ പുതിയ 'ഹോളിഡേ പാക്കേജുകളെന്ന് ക്ലിയർട്രിപ്പ് ' എയർ വിഭാഗം ചീഫ് ബിസിനസ്സ് ഓഫീസർ ഗൗരവ് പടാരി പറഞ്ഞു.




# ലോകത്തിലെ ഏറ്റവും ഭാരം കുറഞ്ഞ 400 എംഎം, 600എംഎം ജി മാസ്റ്റർ സൂപ്പർ ടെലിഫോട്ടോ ലെൻസുകൾ അവതരിപ്പിച്ച് സോണി

**കൊച്ചി:** ആൽഫ ഫുൾ ഫ്രെയിം ഇമൗണ്ട് സംവിധാനത്തിനായി രണ്ട് പുതിയ ജി മാസ്റ്റർ സൂപ്പർ ടെലിഫോട്ടോ പ്രൈം ലെൻസുകൾ അവതരിപ്പിച്ച് സോണി ഇന്ത്യ. 400 എംഎം ഫോക്കൽ ലെങ്തുള്ള എഫ്ഇ 400 എംഎം എഫ്4.5 ജിഎം ഒഎസ്എസും 600 എംഎം ഫോക്കൽ ലെങ്തുള്ള എഫ്ഇ 600 എംഎം എഫ്6.3 ജിഎം ഒഎസ്എസുമാണ് പുതുതായി അവതരിപ്പിച്ച ലെൻസുകൾ. ഈ വിഭാഗങ്ങളിലെ ലോകത്തിലെ ഏറ്റവും ഭാരം കുറഞ്ഞ ലെൻസുകളാണിവ.

ട്രൈപോഡ് മൗണ്ട് ഒഴികെ എഫ്ഇ 400 എംഎം എഫ്4.5 ജിഎം ഒഎസ്എസിന് ഏകദേശം 994 ഗ്രാം ഭാരവും എഫ്ഇ 600 എംഎം എഫ്6.3 ജിഎം ഒഎസ്എസിന് ഏകദേശം 995 ഗ്രാം ഭാരവുമാണുള്ളത്. ഇത് വളരെ എളുപ്പത്തിൽ ഫ്രെമിയുമകൾ മാറ്റാനും ചിത്രീകരണം എളുപ്പത്തിലാക്കാനും സഹായിക്കും. കൈയിൽ പിടിച്ച് ചിത്രീകരിക്കുമ്പോഴും മികച്ച നിയന്ത്രണം സാധ്യമാകും. പക്ഷികൾ, വന്യജീവികൾ, കായിക മത്സരങ്ങൾ തുടങ്ങിയവയുടെ ചിത്രീകരണത്തിൽ സൂപ്പർ ടെലിഫോട്ടോ ലെൻസുകളുടെ സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്താനും ഇതിലൂടെ സാധിക്കും.

മികച്ച റെസല്യൂഷനും ബാക്ക്ഗ്രൗണ്ട് ബ്ലറും ഈ ലെൻസിലുണ്ട്. വേഗതയേറിയതും കൃത്യവും ശബ്ദരഹിതവുമായ ഓട്ടോഫോക്കസ് സംവിധാനത്തിലൂടെ അതിവേഗം ചലിക്കുന്ന വസ്തുക്കളെ കൃത്യമായി പകർത്താൻ സാധിക്കും. സോണിയുടെ പ്രത്യേക നാനോ എആർ കോട്ടിങ് കക ബാക്ക്ലൈറ്റ് സാഹചര്യങ്ങളിൽ ലൈറ്റ് റിഫ്ലക്ഷനും ഫ്ലെയറും ഗണ്യമായി കുറയ്ക്കും. ആൽഫ 9 കകക ക്യാമറയുമായി അനുയോജ്യമായ ഇവയ്ക്ക് ഓട്ടോഫോക്കസും ഓട്ടോ എക്സ്പോഷർ ട്രാക്കിങ്ങും ഉപയോഗിച്ച് സെക്കൻഡിൽ 120 ചിത്രങ്ങൾ വരെ തുടർച്ചയായി പകർത്താനും സാധിക്കും. എഫ്ഇ 400 എംഎം എഫ്4.5 ജിഎം ഒഎസ്എസിന്റെ ഫോക്കൽ ലെങ്ത് 800 എംഎം വരെയും എഫ്ഇ 600 എംഎം എഫ്6.3 ജിഎം ഒഎസ്എസിന്റെ ഫോക്കൽ ലെങ്ത് 1200 എംഎം വരെയും വർധിപ്പിക്കാനാകും. പൊടിയും ഈർപ്പവും പ്രതിരോധിക്കുന്ന രീതിയിലാണ് ലെൻസുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ലെൻസിൽ നൽകിയിരിക്കുന്ന ഫ്ലൂറിൻ കോട്ടിങ് അഴുക്കും പൊടിയും പറ്റിപ്പിടിക്കുന്നത് കുറയ്ക്കാൻ സഹായിക്കും..

എഫ്ഇ 400 എംഎം എഫ്4.5 ജിഎം ഒഎസ്എസും എഫ്ഇ 600 എംഎം എഫ്6.3 ജിഎം ഒഎസ്എസും ഇന്ത്യയിലെ എല്ലാ സോണി സെന്ററുകളിലും ആൽഫ ഫ്ലാഗ്ഷിപ്പ് സ്റ്റോറുകളിലും സോണിയുടെ അംഗീകൃത ഡീലർമാരിലും പ്രധാന ഇലക്ട്രോണിക് സ്റ്റോറുകളിലും ലഭ്യമാണ്. ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെയും ലെൻസുകൾ വാങ്ങാനാകും. എഫ്ഇ 400 എംഎം എഫ്4.5 ജിഎം ഒഎസ്എസിന്റെ വില 3,10,990 രൂപയും എഫ്ഇ 600 എംഎം എഫ്6.3 ജിഎം ഒഎസ്എസിന്റെ വില 4,28,990 രൂപയുമാണ്.



## കേരളത്തിൽ ബ്രാൻഡ് എക്സ്പീരിയൻസിനായി ലോട്ടസ് കാർസ്

**കൊച്ചി:** ലോട്ടസ് കാർസ് ഇന്ത്യയുടെ ആഡംബര ഇലക്ട്രിക് പെർഫോമൻസ് വാഹനങ്ങളായ ലോട്ടസ് എലെട്രെയും ലോട്ടസ് എമേയയും കോഴിക്കോട്ട് എത്തുന്നു. രാജ്യവ്യാപകമായി സംഘടിപ്പിക്കുന്ന ബ്രാൻഡ് എക്സ്പീരിയൻസ് പര്യടനത്തിന്റെ ഭാഗമായി, 28, 29 തീയതികളിൽ കോഴിക്കോട്ടെത്തുന്ന ഈ പരിപാടിയിലൂടെ നിലവിലുള്ള ഉപഭോക്താക്കൾക്കും സാധ്യതയുള്ളവർക്കും മികച്ച അനുഭവം ഉറപ്പാക്കുന്നു. ചെന്നൈ, കോയമ്പത്തൂർ, തൃശൂർ, കൊച്ചി എന്നിവിടങ്ങൾ പിന്നിട്ടാണ് ദക്ഷിണകിഴക്കൻ ഇന്ത്യ പര്യടനം കോഴിക്കോട്ടെത്തിയിരിക്കുന്നത്. ഇതിനുശേഷം മംഗളൂരു, ബെംഗളൂരു, ഭുവനേശ്വർ, കൊൽക്കത്ത, ഹൈദരാബാദ് തുടങ്ങിയ നഗരങ്ങളിലേക്ക് ഈ റോഡ്ഷോ യാത്ര തുടരും.

ലോട്ടസിന്റെ ഹൈപ്പർഎസ്യുവിയായ ലോട്ടസ് എലെട്രെയും ഹൈപ്പർജിടിയായ ലോട്ടസ് എമേയയുമാണ് കോഴിക്കോട്ടെ പ്രധാന ആകർഷണങ്ങൾ. അതിശയിപ്പിക്കുന്ന പെർഫോമൻസും നൂതന സാങ്കേതികവിദ്യയും ദൈനംദിന ഉപയോഗക്ഷമതയും ഒത്തുചേരുന്നതാണ് എലെട്രെ എങ്കിൽ, ആവേശം ജനിപ്പിക്കുന്ന പെർഫോമൻസും ആരെയും ആകർഷിക്കുന്ന ഡിസൈനും ദീർഘദൂര യാത്രയ്ക്കുള്ള സുഖസൗകര്യവുമാണ് എമേയ നൽകുന്നത്. അതിഥികൾക്കായി പ്രത്യേകം തയ്യാറാക്കിയ ഡ്രൈവ് അനുഭവങ്ങൾ, വ്യക്തിഗത പ്രോഡക്റ്റ് ഡെമോൺസ്ട്രേഷനുകൾ, ബ്രാൻഡിനെക്കുറിച്ചുള്ള വാക്ക്ത്രൂ എന്നിവയും കോഴിക്കോട്ടെ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

രാജ്യത്തുടനീളം തങ്ങളുടെ സാന്നിധ്യം വിപുലീകരിക്കാനും ആഡംബര വിപണികളിലെ ഉപഭോക്താക്കളുമായുള്ള ബന്ധം ശക്തിപ്പെടുത്താനുമുള്ള പ്രതിബദ്ധതയാണ് ഈ പര്യടനം പ്രതിഫലിപ്പിക്കുന്നത്. ഉപഭോക്താക്കൾക്ക് തടസ്സരഹിതമായ ഉടമസ്ഥതാ അനുഭവം സമ്മാനിക്കുന്നതിനായി മികച്ച സെയിൽസ്, ആഫ്റ്റർ സെയിൽസ് പിന്തുണയും ലോട്ടസ് ഉറപ്പാക്കുന്നുണ്ട്. ബ്രിട്ടീഷ് പെർഫോമൻസ് പാരമ്പര്യവും നൂതന സാങ്കേതികവിദ്യയും അടുത്ത തലമുറ ഇലക്ട്രിക് വാഹനങ്ങളിൽ എങ്ങനെ ഒത്തുചേരുന്നുവെന്ന് വാഹനപ്രേമികൾക്ക് മുന്നിൽ അവതരിപ്പിക്കാനാണ് ഈ റോഡ്ഷോയിലൂടെ ബ്രാൻഡ് ലക്ഷ്യമിടുന്നത്

## ആസ് ഐ ആം ഫൊട്ടോഗ്രാഫി വീഡിയോഗ്രാഫി മത്സരം

**കൊച്ചി:** ഭിന്നശേഷി സമൂഹത്തിന്റെ ജീവിത യാഥാർത്ഥ്യങ്ങൾ പകർത്താൻ ലക്ഷ്യമിട്ട് അസോസിയേഷൻ ഓഫ് പീപ്പിൾ വിത്ത് ഡിസെബിലിറ്റി ആസ് ഐ ആം' എന്ന പേരിൽ ദേശീയ ഫൊട്ടോഗ്രാഫി, വീഡിയോഗ്രാഫി കൂട്ടായ്മയ്ക്ക് തുടക്കം കുറിച്ചു.

ഇന്ത്യയിൽ അമ്പത് ദശലക്ഷത്തിലധികം ഭിന്നശേഷിക്കാരുണ്ടെങ്കിലും മുഖ്യധാരാ മാധ്യമങ്ങളിലും പരസ്യങ്ങളിലും അവർ അവഗണിക്കപ്പെടുകയോ ദയയുടെയും അതിമാനുഷികതയുടെയും ലെൻസിലൂടെ മാത്രം ചിത്രീകരിക്കപ്പെടുകയോ ചെയ്യുന്നു. ഈ സ്ഥിതി മാറ്റാനായി രാജ്യത്തുടനീളമുള്ള ഫൊട്ടോഗ്രാഫർമാർക്കും വീഡിയോഗ്രാഫർമാർക്കും ദൃശ്യആഖ്യാതാക്കൾക്കും ഭിന്നശേഷിക്കാരുടെ സാധാരണവും സന്തോഷം നിറഞ്ഞതുമായ ജീവിത യാഥാർത്ഥ്യങ്ങൾ ഡോക്യുമെന്റ് ചെയ്യാൻ ഈ മത്സരം അവസരം ഒരുക്കുന്നു. ഒക്ടോബർ 31 അർദ്ധരാത്രി വരെ എൻട്രികൾ സമർപ്പിക്കാം. അന്താരാഷ്ട്ര ഭിന്നശേഷി ദിനമായഡിസംബർ 3ന് വിജയികളെ പ്രഖ്യാപിക്കും. മികച്ച എൻട്രി, മികച്ച വളർന്നുവരുന്ന കഥാകൃത്ത്, ഭിന്നശേഷിയുള്ള മികച്ച ഫൊട്ടോഗ്രാഫർ എന്നീ മൂന്ന് വിഭാഗങ്ങളിലാണ് സമ്മാനങ്ങൾ നൽകുന്നത്.

ക്യാഷ് പ്രൈസുകൾക്ക് പുറമെ ജൂറി അംഗങ്ങളുടെ മെന്റർഷിപ്പ് സെഷനുകൾ, റോയൽട്ടിയോടുകൂടിയ ആഗോള സ്റ്റോക്ക് ഇമേജ് ലൈബ്രറിയിൽ പ്രവേശനം, പൊതുപ്രദർശനം, ദേശീയ മാധ്യമങ്ങളിൽ ശ്രദ്ധ, എ.പി.ഡിയുടെ ഔദ്യോഗിക സർട്ടിഫിക്കറ്റ് എന്നിവയും വിജയികളെ കാത്തിരിക്കുന്നുണ്ട്.

പ്രശസ്ത ചലച്ചിത്ര പ്രവർത്തകൻ ആർ. ബാൽകി, സിനിമാട്ടോഗ്രാഫർ സന്തോഷ് ശിവൻ, ജോസി പോൾ, സ്നേഹ ഐപ്പ്, മാനസി ജോഷി, ഇഷാൻ നായർ, മോഹിത് അഹൂജ, ലൂയിസ് മിറാൻഡ എന്നിവരടങ്ങുന്ന ഉന്നതതല ജൂറിയാണ് വിജയികളെ തിരഞ്ഞെടുക്കുന്നത്. തനിഷ്ക് മുഖ്യ സ്പോൺസറായും അസിം പ്രേംജി ഫൗണ്ടേഷൻ മുഖ്യ പിന്തുണക്കാരായും ഈ കാമ്പെയ്നൊപ്പം ചേർന്നിട്ടുണ്ട്. www.asiamapd.com എന്ന വെബ്സൈറ്റ് സന്ദർശിച്ചോ asiam@apd-india.org എന്ന വിലാസത്തിൽ ഇമെയിൽ അയച്ചോ കൂടുതൽ വിവരങ്ങൾ അറിയാനും എൻട്രികൾ സമർപ്പിക്കാനും സാധിക്കും.



# തായ് മാമൻ തങ്ക മോതിരം പദ്ധതി: ആദ്യ ബാച്ച് സ്വർണ്ണ മോതിരങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി ജോയ്ആലുക്കാസ്

**കൊച്ചി:** തമിഴ്നാട് സർക്കാരിന്റെ 'തായ് മാമൻ തങ്ക മോതിരം' പദ്ധതിക്കായുള്ള ആദ്യ ബാച്ച് സ്വർണ്ണ മോതിരങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി പ്രമുഖ ആഗോള ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസ്. പദ്ധതിയുടെ ഭാഗമായി നവജാത ശിശുക്കൾക്ക് നൽകാനുള്ള 89,955 മോതിരങ്ങളാണ് ആദ്യഘട്ടത്തിൽ തയ്യാറായതെന്ന് കമ്പനി അറിയിച്ചു. ചെന്നൈയിൽ നടന്ന ചടങ്ങിൽ തമിഴ്നാട് മുഖ്യമന്ത്രി സി. ജോസഫ് വിജയ് പദ്ധതി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

ആദ്യഘട്ടത്തിൽ നിർമ്മാണം പൂർത്തിയാക്കിയ 89,955 മോതിരങ്ങളുടെ പാക്കിങ്ങും വിതരണത്തിനായുള്ള നടപടികളും പുരോഗമിക്കുകയാണ്. തിരഞ്ഞെടുത്ത 107 സർക്കാർ ആശുപത്രികളിലേക്കാണ് മോതിരങ്ങൾ എത്തിക്കുന്നത്. കൃത്യമായ ഒരു ഗ്രാം തൂക്കത്തിലും 22 കാരറ്റ് ശുദ്ധിയിലുമാണ് മോതിരങ്ങൾ നിർമ്മിച്ചിട്ടുള്ളത്. ഓരോ മോതിരത്തിലും ബി.ഐ.എസ് ഹാൾമാർക്കിന് പുറമേ സുതാര്യതയ്ക്കായി ആറ് അക്ക എച്ച്.യു.ഐ.ഡി (ഒഡകള) നമ്പറും ഉൾപ്പെടുത്തിയിട്ടുണ്ട്. ചെന്നൈയിലും കോയമ്പത്തൂരിലുമുള്ള ജോയ്ആലുക്കാസിന്റെ പ്രത്യേക കേന്ദ്രങ്ങളിൽ നിന്നാണ് മോതിരങ്ങൾ വിതരണം ചെയ്യുന്നത്.

ഈ വർഷം ജൂൺ 22നു ശേഷം തമിഴ്നാട്ടിലെ സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന അർഹരായ എല്ലാ നവജാത ശിശുക്കൾക്കും ഒരു ഗ്രാം വീതമുള്ള 22 കാരറ്റ് സ്വർണ്ണ മോതിരം സമ്മാനിക്കുന്നതാണ് ഈ ബൃഹദ് പദ്ധതി. തമിഴ്നാട്ടിലുടനീളമുള്ള ഏകദേശം 4.41 ലക്ഷം കുരുന്നുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നാണ് സർക്കാർ കണക്കാക്കുന്നത്. സ്വർണ്ണ വില ഒഴികെയുള്ള നിർമ്മാണക്കൂലി, ബി.ഐ.എസ് ഹാൾമാർക്കിംഗ്, ഇൻഷുറൻസ്, വിതരണം, പാക്കിംഗ് എന്നിവയ്ക്ക് വെറും ഒരു പൈസ മാത്രം ഈടാക്കിയാണ് ജോയ്ആലുക്കാസ് പദ്ധതിയുടെ ഭാഗമാകുന്നത്.

തമിഴ്നാട് സർക്കാരിന്റെ 'തായ് മാമൻ തങ്ക മോതിരം' പദ്ധതിയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ വലിയ സന്തോഷമുണ്ടെന്ന് ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ജോയ് ആലുക്കാസ് പറഞ്ഞു. വർഷങ്ങളായി തമിഴ്നാട്ടിലെ ജനങ്ങൾ നൽകുന്ന പിന്തുണയ്ക്ക് കൃതജ്ഞത അറിയിക്കാനുള്ള അവസരമായാണ് ഈ പദ്ധതിയെ കാണുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.



# എംഐടിഡബ്ല്യുപിയുവും എഫ്പിഎസ്ബി ഇന്ത്യയും ധാരണാപത്രം ഒപ്പുവച്ചു

**കൊച്ചി:** എംഐടി വേൾഡ് പീസ് യൂണിവേഴ്സിറ്റിയിലെ (എംഐടിഡബ്ല്യുപിയു) സ്കൂൾ ഓഫ് കൊമേഴ്സ് ആൻഡ് ഇക്കണോമിക്സും ഫിനാൻഷ്യൽ പ്ലാനിംഗ് സ്റ്റാൻഡേർഴ്സ് ബോർഡിന്റെ (എഫ്പിഎസ്ബി) ഇന്ത്യൻ ഉപസ്ഥാപനമായ എഫ്പിഎസ്ബി ഇന്ത്യയും ധാരണാപത്രം ഒപ്പുവച്ചു. ഇതുവഴി അർഹരായ വിദ്യാർഥികൾക്ക് അക്കാദമിക് പഠനത്തോടൊപ്പം ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട സെർട്ടിഫൈഡ് ഫിനാൻഷ്യൽ പ്ലാനർ ണ്ണ (സിഎഫ്പി ണ്ണ) സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള അവസരം ലഭിക്കും.

ഫിനാൻഷ്യൽ പ്ലാനിംഗ്, വെൽത്ത് മാനേജ്മെന്റ് മേഖലകളിൽ വിദ്യാർഥികൾക്ക് പ്രായോഗിക പരിജ്ഞാനവും പ്രൊഫഷണൽ വൈദഗ്ധ്യവും നൽകുകയാണ് സഹകരണത്തിന്റെ ലക്ഷ്യം. നിക്ഷേപം, വിരമിക്കൽ ആസൂത്രണം, നികുതി, റിസ്ക് മാനേജ്മെന്റ്, എസ്റ്റേറ്റ് പ്ലാനിംഗ് തുടങ്ങിയ മേഖലകളിൽ പരിശീലനം ലഭിക്കും. ബാങ്കിങ്, ഇൻഷുറൻസ്, ഇൻവെസ്റ്റ്മെന്റ് അഡ്വൈസറി, വെൽത്ത് മാനേജ്മെന്റ്, ഫിൻടെക് തുടങ്ങിയ മേഖലകളിലെ തൊഴിൽ അവസരങ്ങൾക്ക് വിദ്യാർഥികളെ സജ്ജരാക്കാനും ധാരണാപത്രം ലക്ഷ്യമിടുന്നു.

## ഗ്രാമീണ മേഖലയിൽ 20,000 ജീവനക്കാരെ നിയമിക്കാൻ ഫോൺപേ

**കൊച്ചി:** ഗ്രാമീണ ഇന്ത്യയിൽ ഡിജിറ്റൽ പേയ്മെന്റ് സേവനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അടുത്ത 12 മാസത്തിനുള്ളിൽ 20,000ത്തിലധികം ഫ്രണ്ട് ലൈൻ സെയിൽസ് ജീവനക്കാരെ നിയമിക്കാൻ ഫോൺപേ പദ്ധതിയിടുന്നു. ഇതോടൊപ്പം 50 ലക്ഷത്തിലധികം പേയ്മെന്റ് ഉപകരണങ്ങളും വിന്യസിക്കും. സ്മാർട്ട് സ്പീക്കറുകളും പിഒഎസ് ഉപകരണങ്ങളും ഉൾപ്പെടുന്നവയിൽ പകുതിയിലധികം ഗ്രാമീണ മേഖലകളിലായിരിക്കും വിന്യസിക്കുക. ടയർ6 നഗരങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങൾ എത്തിക്കുകയാണ് ലക്ഷ്യം. ചെറുകിട വ്യാപാരികളുടെ വ്യാപനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള എംഡിആർ സംവിധാനവും പ്രത്യേക ഫണ്ടും നിക്ഷേപങ്ങൾക്ക് സഹായകമാകുമെന്ന് ഫോൺപേ അറിയിച്ചു. പുതിയ തൊഴിൽ ചട്ടങ്ങൾ ഓൺറോൾ ജീവനക്കാരെ വേഗത്തിൽ നിയമിക്കുന്നതിനും നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും സഹായിക്കുന്നതായും കമ്പനി വ്യക്തമാക്കി.

## ടാറ്റ എഐഎ മൊമെൻറം വാല്യൂ 50 ഇൻഡക്സ് ഫണ്ട്' അവതരിപ്പിച്ചു

**കൊച്ചി:** മാറിക്കൊണ്ടിരിക്കുന്ന വിപണി സാഹചര്യങ്ങളിൽ നിക്ഷേപകർക്ക് മികച്ച അവസരങ്ങൾ ലഭ്യമാക്കുന്നതിനായി ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് മൊമെൻറം വാല്യൂ 50 ഇൻഡക്സ് ഫണ്ട് പുറത്തിറക്കി. മൊമെൻറം, വാല്യൂ എന്നീ രണ്ട് നിക്ഷേപ രീതികൾ സംയോജിപ്പിച്ച് രൂപകൽപ്പന ചെയ്തിട്ടുള്ള ഈ പുതിയ യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാൻ നിക്ഷേപകർക്ക് വൈവിധ്യമാർന്ന ഇക്വിറ്റി പങ്കാളിത്തത്തോടൊപ്പം ലൈഫ് ഇൻഷുറൻസ് പരിരക്ഷയും ഉറപ്പാക്കുന്നു. വ്യത്യസ്ത മേഖലകളും കമ്പനികളും ഉൾപ്പെടുന്ന ഇക്വിറ്റി വിപണിയിലെ മാറ്റങ്ങളെ ഉൾക്കൊണ്ട് നിക്ഷേപകർക്ക് സുരക്ഷിതമായ അവസരങ്ങൾ ഒരുക്കുക എന്നതാണ് ഇതിലൂടെ കമ്പനി ലക്ഷ്യമിടുന്നത്.

വിപണിയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കമ്പനികളെ കണ്ടെത്തി നിക്ഷേപം നടത്തുന്ന മൊമെൻറം രീതിയും, അടിസ്ഥാനപരമായി മികച്ച മൂല്യമുള്ള കമ്പനികളെ തിരഞ്ഞെടുക്കുന്ന വാല്യൂ രീതിയുമാണ് ഈ ഫണ്ടിൽ പ്രധാനമായും സംയോജിപ്പിച്ചിരിക്കുന്നത്. വിവിധ വിപണി ഘട്ടങ്ങളിൽ ഓരോ മേഖലകളുടെയും കമ്പനികളുടെയും പ്രകടനങ്ങളിൽ മാറ്റങ്ങൾ വരാറുള്ളതിനാൽ, ഒരൊറ്റ നിക്ഷേപ രീതിയെ ആശ്രയിക്കുന്നതിന് പകരം ഇത്തരം മാറ്റങ്ങളെ ഫലപ്രദമായി നേരിടാൻ ഈ സംയോജിത രീതി നിക്ഷേപകരെ സഹായിക്കും.

ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെൻറ് അതോറിറ്റിയുടെ നിയന്ത്രണ വ്യവസ്ഥകൾക്ക് പൂർണമായും വിധേയമായി ബിഎസ്ഇ 500ലെ കമ്പനികളിൽ നിന്നാണ് ഈ ഫണ്ടിലേക്കുള്ള നിക്ഷേപങ്ങൾ തിരഞ്ഞെടുക്കുന്നത്. കസ്റ്റമൈസ് ചെയ്ത ബിഎസ്ഇ 500 മൊമെൻറം വാല്യൂ 50 ഇൻഡക്സ് അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഈ ഫണ്ടിന്റെ എൺപത് മുതൽ നൂറ് ശതമാനം വരെയുള്ള നിക്ഷേപങ്ങൾ ഇക്വിറ്റിയിലും അനുബന്ധ നിക്ഷേപങ്ങളിലുമാണ് നടത്തുക. ബാക്കി വരുന്ന ഇരുപത് ശതമാനം വരെയുള്ള തുക കാഷ്, മണി മാർക്കറ്റ്, മ്യൂചൽ ഫണ്ട് എന്നിവിടങ്ങളിലായും നിക്ഷേപിക്കും. പത്ത് രൂപ അടിസ്ഥാന നിരക്കിൽ ആരംഭിക്കുന്ന ഈ പുതിയ ഫണ്ട് ഓഫർ 2026 സെപ്റ്റംബർ 30 വരെയാണ് നിക്ഷേപകർക്കായി ലഭ്യമാകുക.

## സീ എഡിമ, സീക്ക് ഹെൽപ്' ക്യാമ്പയിനുമായി സിപ്ല

**കൊച്ചി:** തുടർച്ചയായോ ആവർത്തിച്ചോ ഉണ്ടാകുന്ന ശരീരവീക്കം അവഗണിക്കരുതെന്നും ഇത് ഹൃദയം, കരൾ, വൃക്ക, തൈറോയ്ഡ് തുടങ്ങിയ ആരോഗ്യപ്രശ്നങ്ങളുടെ സൂചനയാകാമെന്നും തിരുവനന്തപുരം കൺസൾട്ടന്റ് ഫിസിഷ്യൻ ഡോ. ഷഹാബാസ് സൈലു പറഞ്ഞു. കാൽ, കണങ്കാൽ, കാലുകൾ എന്നിവിടങ്ങളിലെ വീക്കം, തിളങ്ങുന്നതോ വലിഞ്ഞതോ ആയ ചർമ്മം, അമർത്തിയശേഷം പാടുപോലെ തുടരുന്ന വീക്കം എന്നിവ ശ്രദ്ധിക്കണം. ശ്വാസതടസ്സം, ക്രമരഹിതമായ ഹൃദയമിടിപ്പ്, നെഞ്ചുവേദന എന്നിവയ്ക്കൊപ്പം വീക്കം അനുഭവപ്പെട്ടാൽ അടിയന്തര വൈദ്യസഹായം തേടണമെന്നും അദ്ദേഹം വ്യക്തമാക്കി.

എഡിമയെക്കുറിച്ച് അവബോധവും നേരത്തെയുള്ള തിരിച്ചറിയലും ശക്തിപ്പെടുത്തുന്നതിനായി സിപ്ലയുടെ 'സീ എഡിമ, സീക്ക് ഹെൽപ്' ക്യാമ്പയിൻ രാജ്യവ്യാപകമായി പ്രവർത്തിക്കുന്നു. ക്യാമ്പയിന്റെ ഓൺലൈൻ എഡിമ സ്ക്രീനിങ് ടൂൾ വഴി എഡിമയുടെ സാധ്യതയുള്ള ലക്ഷണങ്ങൾ തിരിച്ചറിയാനും പ്രാഥമിക സ്കോർ ലഭ്യമാക്കാനും കഴിയും. 2024ലെ ഇന്ത്യൻ എഡിമ കൺസെൻസസ് സെപ്റ്റംബർ 25 ദേശീയ എഡിമ ദിനമായി ആചരിക്കാൻ ശുപാർശ ചെയ്തിരുന്നു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com